# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2216      16/08/2017-ൽ മറുപടിക്ക്

## വൈദ്യുതി ഉപഭോഗത്തിലെ വർദ്ധന

| | ചോദ്യം<br><br>**ശ്രീ.സി. ദിവാകരൻ** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയ സാഹചര്യത്തിൽ വൈദ്യുതി ഉപഭോഗത്തിൽ വർദ്ധനയുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം എന്ന് വ്യക്തമാക്കാമോ; | (എ) | സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി ലക്ഷമിടുന്നത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഗാർഹിക ഉപഭോക്താക്കളെ ആണെന്നതിനാലും, മെച്ചപ്പെട്ടതും വൈദ്യുത ഉപഭോഗം കുറച്ചുമാത്രം ആവശ്യമുള്ള LED ബൾബുകളും മറ്റും ഉണഭോക്താക്കൾ ഉപയോഗിക്കുമെന്ന് പ്രതീക്ഷിക്കുന്നതിനാലും, പ്രസ്തുത പദ്ധതിമൂലം വരുന്ന അധിക വൈദ്യുത ഉപഭോഗം താരതമ്യേന കുറവായിരിക്കുമെന്നാണ് കരുതുന്നത്. സമ്പൂർണ്ണ വൈദ്യുതീകരണത്തിൽ ലഭ്യമാക്കിയ വൈദ്യുത കണക്ഷനുകളുടെ വാർഷിക ഉപഭോഗം 40 ദശലക്ഷം യൂണിറ്റിൽ താഴെ എന്നാണ് കണക്കാക്കുന്നത്. ഇത് നിലവിലുള്ള കേരളത്തിലെ ഉപഭോഗത്തിന്റെ 0.2 ശതമാനം മാത്രമാണ്. |
| (ബി) | വൈദ്യുതി ഉപഭോഗം നിയന്ത്രിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | വൈദ്യുതി ഉപഭോഗം നടത്തുമ്പോൾ പാഴാകുന്ന ഊർജ്ജ സംരക്ഷണത്തിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് നടത്തിയിട്ടുള്ള പദ്ധതികളും നടത്താനുദ്ദേശിക്കുന്ന പദ്ധതികളും ചുവടെ ചേർക്കുന്നു.<br><br>(1) ഡെല്പ് (ഡൊമസ്റ്റിക്ക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം) എന്ന പദ്ധതിയിലൂടെ ഉപഭോക്താക്കൾക്ക് സൗജന്യ നിരക്കിൽ രണ്ട് എൽ.ഇ.ഡി |

(..2)

ബൾബുകൾ വീതം വിതരണം ചെയ്യുന്ന പദ്ധതി നടന്നുവരുന്നു. ഈ പദ്ധതിയിലൂടെ 1.5 കോടി ബൾബുകൾ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഇതുവരെ 1 കോടിയിൽ പരം ബൾബുകൾ വിതരണം ചെയ്തു കഴിഞ്ഞു.

(2) 2016 ഡിസംബർ 14 ഊർജ്ജസംരക്ഷണ ദിനത്തോടനുബന്ധിച്ച് സംസ്ഥാനത്തുടനീളം വിവിധ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു. ഊർജ്ജസംരക്ഷണ സന്ദേശം ഉൾക്കൊള്ളിച്ച് കാസർഗോഡ് നിന്ന് ആരംഭിച്ച് തിരുവനന്തപുരത്ത് സമാപിച്ച സൈക്കിൾ റാലി പൊതുജനങ്ങളിൽ ഊർജ്ജസംരക്ഷണത്തെ കുറിച്ചുള്ള അവബോധം വളർത്തുന്നതിനു സഹായിച്ചു. എല്ലാ ജില്ലകളിലും ഊർജ്ജസംരക്ഷണ ദിനത്തിൽ മാസ് റാലി സംഘടിപ്പിച്ചു.

(3) തിരുവനന്തപുരം മെഡിക്കൽ കോളേജ് ഉൾപ്പെടെ 17 സ്ഥാപനങ്ങളിൽ എനർജി ഓഡിറ്റിംഗ് നടത്തുകയും ഊർജ്ജസംരക്ഷണത്തിലുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. സ്വകാര്യ സ്ഥാപനങ്ങളിലും അവരുടെ അപേക്ഷ അനുസരിച്ച് എനർജി ഓഡിറ്റിംഗ് നടന്നുവരുന്നു.

(4) നാഷണൽ സർവീസ് സ്കീം, എനർജി കൺസർവേഷൻ സൊസൈറ്റി, വിവിധ റസിഡൻസ് അസ്സോസിയേഷനുകൾ എന്നിവരുമായി ഒത്തുചേർന്നു സംസ്ഥാനത്തുടനീളം വിവിധ ഊർജസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി കെ.എസ്.ഇ.ബി.എൽ ന്റെ ഡിമാന്റ് സൈഡ് മാനേജ്മെന്റ് (ഡി.എസ്.എം) സെല്ലിന്റെ നേതൃത്വത്തിൽ പൊതുജനങ്ങളെയും വിദ്യാർത്ഥികളേയും ഉൾപ്പെടുത്തി ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ പതിവായി നടന്നുവരുന്നു.

(5) വൈദ്യുതി ബോർഡിന്റെ കെട്ടിടത്തിൽ സ്റ്റാർ റേറ്റഡ് ഫാനുകൾ

(..3)

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്ന പദ്ധതിയിൽ 1000 ഫാനുകൾ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഈ പദ്ധതി സർക്കാർ സ്ഥാപനങ്ങളിലും നടപ്പിലാക്കാവുന്നതാണ്.<br>(6) സംസ്ഥാനത്ത് സൗരോർജ്ജം ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും വിവിധ ആവശ്യങ്ങൾക്കായി ജലം ചൂടാക്കുന്നതിന് വൈദ്യുതി, ഫോസിൽ ഇന്ധനങ്ങൾ മുതലായവ ഒഴിവാക്കി പരിസ്ഥിതി സൗഹൃദപരമായ സൗരോർജ്ജം ഉപയോഗപ്പെടുത്തുന്നത് പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് കെ.എസ്.ഇ.ബി.എൽ - ന്റെ 41 ഇൻസ്പെക്ഷൻ ബംഗ്ലാവുകളിലെയും ഇലക്ട്രിക് ഗീസറുകൾ മാറ്റി സോളാർ വാട്ടർ ഹീറ്റർ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയ്ക്ക് ബോർഡ് അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഒന്നാം ഘട്ടമായി 24 ഇൻസ്പെക്ഷൻ ബംഗ്ലാവുകളിൽ സോളാർ വാട്ടർ ഹീറ്റർ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.<br>(7) സംസ്ഥാനത്തെ ജില്ലാ പഞ്ചായത്ത്, കളക്ടറേറ്റ്, വൈദ്യുതി ബോർഡ് കെട്ടിടങ്ങളുടെ മുകളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതിയുടെ പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു.<br>(8) സർക്കാർ പ്രഖ്യാപിച്ച സി.എഫ്.എൽ/സാധാരണ ബൾബുകൾ മാറ്റി എൽ.ഇ.ഡി ആക്കുന്ന പദ്ധതിയുടെ പ്രാഥമിക നടപടികൾ പുരോഗമിക്കുന്നു.<br><br>9. എംപവറിംഗ് കൺസ്യൂമേഴ്സ് ഓൺ എനർജി എഫിഷ്യൻസി വിദ്യാർത്ഥികളെ വൈദ്യുതി സംരക്ഷണവുമായി ബന്ധപ്പെടുന്നതിലേക്കായി നാഷണൽ സർവീസ് സ്കീമുമായി ചേർന്ന് മലപ്പുറം ജില്ലയിൽ 708216 ഗാർഹിക ഉപഭോക്താക്കളുടെ വീടുകൾ സന്ദർശിച്ച് ലഘു ലേഖകൾ വിതരണം ചെയ്യുകയും ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

(...4)

(10) കെ.എസ്.ഇ.ബി.എൽ ന്റെ സബ് ഡിവിഷൻ തലത്തിലുള്ള ഡിമാന്റ് സൈഡ് മാനേജ്മെന്റ് സെല്ലുകളുടെ ആഭിമുഖ്യത്തിൽ സ്കൂളുകളിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്ക് വേണ്ട നിർദ്ദേശം നൽകുകയും ഊർജ്ജ സംരക്ഷണ സന്ദേശങ്ങൾ ഉൾക്കൊള്ളിച്ച് 1.5 ലക്ഷം ഡയറികൾ അച്ചടിച്ച് വിദ്യാർഥികൾക്കിടയിൽ വിതരണം നടത്തുകയും ചെയ്തു. എനർജി വോളന്റിയേഴ്സ് വഴി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഊർജ്ജസംരക്ഷണ ബോധവത്കരണ ക്ലാസുകൾ നടത്തി വരുന്നു.

ഊർജ്ജസംരക്ഷണത്തിലൂടെ വൈദ്യുതി ആവശ്യം കുറച്ചു കൊണ്ടുവരുന്നതിന് എനർജി മാനേജ്മെന്റ് സെന്റർ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗാർഹിക മേഖലയിൽ വൈദ്യുതി ഉപയോഗം കൂടുതലായതിനാൽ വീട്ടമ്മമാർക്കുവേണ്ടി ഊർജ്ജ ക്ലിനിക്ക് പരിപാടി നടത്തി വരുന്നു.

പൊതുജന ബോധവൽക്കരണത്തിനായി വിവിധ എക്സിബിഷനുകളും, റിസോഴ്സ് പേഴ്സൺസ് മുഖാന്തിരം 200 ൽപ്പരം ബോധവൽക്കരണ ക്ലാസ്സുകളും നടത്തിയിട്ടുണ്ട്.

പൊതുജന ബോധവൽക്കരണത്തിനായി എൻ.ജി.ഒ കൾ, സർവ്വീസ് സൊസൈറ്റികൾ, പൊതുജന വായനശാലകൾ എന്നിവയുമായി ചേർന്ന് ഊർജ്ജ കിരൺ പരിപാടി നടത്തിവരുന്നു.

പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ വീട്ടുകളിൽ ഊർജ്ജസംരക്ഷണ മാർഗ്ഗങ്ങളടങ്ങിയ സന്ദേശങ്ങൾ പൊതുജനബോധവൽക്കരണത്തിനായി നൽകി വരുന്നു.

വിദ്യാഭ്യാസ മേഖലയിൽ നടത്തി വരുന്ന സ്മാർട്ട് എനർജി പ്രോഗ്രാമിലൂടെ വിദ്യാലയങ്ങളിലെയും വീട്ടുകളിലെയും വൈദ്യുതി ലാഭത്തിന് സാധിക്കുന്നുണ്ട്. സ്മാർട്ട് എനർജി പ്രോഗ്രാമിന്റെ

| | | | |
|---|---|---|---|
| | | | ഭാഗമായി വിദ്യാലയങ്ങളിൽ സംഘടിപ്പിക്കുന്ന ഊർജ്ജസംരക്ഷണ പരിപാടികളിലൂടെ വിദ്യാർത്ഥികളിലെ ഊർജ്ജ സംരക്ഷണ അവബാധം വർദ്ധിപ്പിക്കുന്നതിന് സാധിക്കുന്നുണ്ട്. അതിലൂടെ വിദ്യാർത്ഥികൾ ഊർജ്ജസംരക്ഷണ മാർഗ്ഗങ്ങൾ വീടുകളിലും പ്രാവർത്തികമാക്കുന്നുണ്ട്. 4270 സ്കൂളുകളിലും, ഐ.ടി.ഐ എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ തുടങ്ങി 200 ഓളം സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സ്മാർട്ട് എനർജി പ്രോഗ്രാം നടത്തുന്നുണ്ട്. |
| (സി) | ലൈൻ സ്ഥാപിച്ച് വൈദ്യുതി എത്തിക്കാൻ സാധിക്കാത്ത സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ? | (സി) | സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി കേരളത്തിലെ വൈദ്യുതി എത്താത്ത മേഖലകളിൽ സോളാർ പാനൽ ഉപയോഗിച്ച് ഗ്രിഡ് ബന്ധിതമല്ലാത്ത സൌരോർജ്ജ നിലയം സ്ഥാപിക്കാൻ കെ.എസ്.ഇ.ബി.എൽ നടപടികളെടുത്തിട്ടുണ്ട്. വൈദ്യുതി എത്തിയിട്ടില്ലാത്ത ഉൾനാടൻ ഗ്രാമങ്ങൾ, വനാന്തര മേഖലകൾ, ഒറ്റപ്പെട്ട മേഖലകളിൽ വസിക്കുന്ന ജനവിഭാഗങ്ങൾ എന്നിവരെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതി പ്രകാരം പരിമിത ഗാർഹിക വൈദ്യുതി ഉപഭോഗമാണ് ലക്ഷ്യമിടുന്നത്.<br>സമ്പൂർണ്ണവൈദ്യുതീകരണ പദ്ധതിക്കായി ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിൽ കെ.എസ്.ഇ.ബി വൈദ്യുതി എത്തിക്കാൻ സാധിക്കാത്ത ഒറ്റപ്പെട്ട കോളനികളിൽ അനെർട്ട് സൗരോർജ്ജ വൈദ്യുതി സംവിധാനം നടപ്പിലാക്കി. ഇതനുസരിച്ച് ഇടുക്കി ജില്ലയിൽ 1620 വീടുകളിൽ സോളാർ ഹോം ലൈറ്റിംഗ് സിസ്റ്റം സ്ഥാപിച്ചു. കൂടാതെ വയനാട് ജില്ലയിൽ 12 വീടുകളിലും പാലക്കാട് ജില്ലയിൽ 539 വീടുകളിലും സോളാർ ഹോംലൈറ്റിംഗ് സിസ്റ്റം സ്ഥാപിച്ചു. രണ്ട് ലൈറ്റ് യൂണിറ്റ്, ബാറ്ററി, സോളാർ മൊഡ്യൂൾ, ഡി.സി. ടേബിൾ ഫാൻ, മൊബൈൽ |

(..6)

| | | | |
|---|---|---|---|
| | | | ചാർജർ എന്നിവ അടങ്ങുന്ന സോളാർ സംവിധാനമാണ് വീട്ടുകളിൽ സ്ഥാപിച്ചത്. കൂടാതെ എല്ലാ വീട്ടുകളിലും സോളാർ റാന്തലുകളും നൽകി. |

സെക്ഷൻ ഓഫീസർ